*⇨ ഹോ, എഴുത്ത്ന്നെ എഴുത്ത്, എഴുത്ത് എനിക്ക് മടുത്തു ⇨*

**മുൻകൂറായൊന്നും** പഠിപ്പിക്കാൻ ശ്രമിക്കരുത്, വിചാരിക്കരുത്, ആഗ്രഹിക്കരുത് – ഇതായിരിക്കും വിദ്യാഭ്യാസത്തെപ്പറ്റി ആദ്യം മനസ്സിലുറപ്പിക്കാനുള്ള പാഠം. സ്വയം പൂർണ്ണമായ, പ്രവർത്തനനിരതമായ പലതും സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരവസ്ഥയിലേയ്ക്ക്, കടലിലേക്ക് ആമക്കുഞ്ഞിനെയെന്നപോലെയും, പൂന്തോപ്പിലേയ്ക്ക് ശലഭങ്ങളെയെന്നപോലെയും കുട്ടികളെ തുറന്നു വിടുകയാണ് വേണ്ടത്. അവിടെ നിന്ന് ജീവിതത്തിന് തനിക്കെന്താണാവശ്യമുള്ളതെന്ന് കുഞ്ഞ് സ്വയം മനസ്സിലാക്കണം.

# 'മ്മക്കും തൊടങ്ങിയാലോ ഒരു റ്റോമോസ്ക്കൂൾ!'

എല്ലാ കുഞ്ഞുങ്ങളും ടോട്ടോ ആണെന്നതുകൊണ്ട്, ഒരു റ്റോമോസ്ക്കൂൾ, ഒരു കൊബായാഷി മാഷ് അവരുടെ ജന്മാവകാശമാണെന്നതുകൊണ്ട് അതുണ്ടാവുക തന്നെ ചെയ്യുമെന്ന് കവിയും അധ്യാപകനുമായ

**വി. ടി. ജയദേവൻ**

**ഒന്ന്:**
**ജീവിതത്തെ പടിക്കുപുറത്ത് നിർത്തുന്ന സ്കൂൾ**


ഒരു പള്ളികൂടത്തിൽ ചെന്നു നോക്കുക. അവിടെ ജീവിതം മണക്കുന്ന എന്താണുള്ളത്? ബ്ലാക്ക് ബോർഡിന് എന്തെങ്കിലും പ്രതിഫലിക്കാനാവുന്നുണ്ടോ? അക്ഷരങ്ങളിലൂടെ എന്തെങ്കിലും വിനിമയം ചെയ്യപ്പെടുന്നുണ്ടോ? കഴിഞ്ഞ ദിവസം എന്തോ ഒരു പാട്ടു പാടിപ്പഠിപ്പിച്ചോണ്ടിരിക്കെ പെട്ടെന്നൊരു കുഞ്ഞ് എണീറ്റ് എന്റെയടുത്തുവന്ന് കുറച്ചുനേരം എന്നെത്തന്നെ ഉറ്റുനോക്കിയിട്ട് എന്തിനാണ് ഈ പാട്ട് പഠിക്കുന്നതെന്ന് ചോദിച്ചു. അക്ഷരാർത്ഥത്തിൽ ഞാൻ ഞെട്ടിത്തരിച്ചുപോയ ഒരു ചോദ്യമായിരുന്നു അത്. എന്തിനാണ് ഈ പാട്ടുകൾ? ഒരു കഥയുമില്ലാതെ, വല്ലാതെ പഴകിയ, പരസ്പരം പറ്റിക്കാനും സാമർത്ഥ്യക്കാരനാവാനുമുള്ള, ഒരു ഗുണവുമില്ലാത്ത ഈ ഗുണപാഠങ്ങൾ ...

"ഹോ, എഴുത്ത്ന്നെ എഴുത്ത്, എഴുത്ത് എനിക്ക് മടുത്തു" എന്ന് ഒരു കുഞ്ഞെഴുന്നേറ്റ് ഞങ്ങളുടെ മുഖത്തുനോക്കി നിലവിളിക്കുന്നു. പട്ടാളക്കാരനും പോലീസുകാരനുമാവണ്ടേ? കുഞ്ഞമ്മണിട്ടീച്ചറായി സാരീം ബാഗുമെടുത്ത് സ്കൂളില് വരേണ്ടേ? മുട്ടായി വേണ്ടേ? ക്ലാസ് ലീഡറാവണ്ടേ? ഒന്നാമനാവണ്ടേ? എന്നൊക്കെ ചോദിച്ച്, ചോദിച്ച്, വ്യർത്ഥപ്രലോഭനങ്ങൾ വച്ചുനീട്ടി, ജീവിതത്തിന്റെ നനവൊന്നുമില്ലാത്ത എന്തൊക്കെയോ കാഷ്ഠപിണ്ഡങ്ങളെ അമൃതെന്ന് കല്പിച്ച് ഞങ്ങളീ കൊച്ചുവായകളിൽ കുത്തി നിറയ്ക്കുന്നു. ലൈഫ് ഈസ് ബ്യൂട്ടിഫുൾ!"

**രണ്ട്:**
**കുട്ടികൾ എന്തേ എപ്പോഴും 'പ്രതി'പക്ഷത്ത്?**

*⇨ തെറ്റായ അറിവുകളാണ് മനുഷ്യജീവിതത്തെ പ്രപഞ്ചജീവിതത്തിൽനിന്നും അകറ്റിയത് ⇨*

**കാർട്ടൂൺ** **അഭിലാഷ്**




മുതിർന്നവർ കുട്ടികളോട് എങ്ങനെ പെരുമാറുന്നു എന്നതാണ് ഒരു കുഞ്ഞിനു കിട്ടുന്ന വിദ്യാഭ്യാസത്തിലെ ഏറ്റവും കാതലായ ഭാഗം. പുറത്തുനിന്ന് നോക്കിയും കണ്ടും കേട്ടും ഒരാൾ സ്വജീവിതത്തെ സ്വാംശീകരിച്ചതിന്റെ ആകെത്തുകയാണ് അയാളുടെ വിദ്യാഭ്യാസം. അച്ഛനമ്മമാരിൽ നിന്ന്, സ്കൂൾ മാഷന്മാരിൽ നിന്ന്, ടീച്ചർമാരിൽ നിന്ന്, ബസ്സ് യാത്രയ്ക്കിടയിൽ, അങ്ങനെയങ്ങനെ ജീവിതത്തെ നേരിട്ടഭിമുഖീകരിക്കുന്ന മിക്ക സന്ദർഭങ്ങളിലും നമ്മൾ നമ്മുടെ പുതിയ തലമുറയെന്നും നാളയെ ഉണ്ടാക്കാനുള്ള അസംസ്കൃത ഇന്നുകൾ എന്നും ഭള്ളുപറയാറുള്ള ഈ പുതിയ മനുഷ്യരെ എങ്ങനെയാണ് ജീവിതം പഠിപ്പിക്കുന്നതെന്ന് ഓർത്തുനോക്കുക. ഒരിടത്തും അവരുടെ പക്ഷത്തുനിന്ന് ചിന്തിക്കുവാനോ അവർക്കുവേണ്ടി ശബ്ദമുയർത്തുവാനോ ഒരാളെയും അവർക്കു കാണാനില്ല. എല്ലാം അവരുടെ കുറ്റമാണെന്ന് വീടും സ്കൂളും പൊതുസ്ഥലങ്ങളും നിരന്തരം അവരെ ബോധ്യപ്പെടുത്തുന്നു. തട്ടിപ്പും അക്രമവുമാണ് പരമമായ കാര്യമെന്ന് രാഷ്ട്രീയക്കാരും സംഘടനാനേതാക്കളും മതനേതാക്കന്മാരും സാംസ്കാരികനായകന്മാരും, പത്രത്താളുകളിലൂടെയും ചാനലുകളിൽ വട്ടം കൂടിയിരുന്നും അവരെ അനുശീലിപ്പിക്കുന്നു. ഇത്രയും നികൃഷ്ടമായ പ്രചരണങ്ങൾക്കിടയിൽ ധാർമ്മികബോധം കൈവിടാതെ സൂക്ഷിക്കണമെന്ന് ഒരു കുട്ടിയോട് പറയാൻ ആർക്കാണവകാശം?

**മൂന്ന്:**
**പകർത്തിയെഴുത്ത് തീർന്ന് എപ്പോഴാണവർ..!**

കുട്ടികളിപ്പോഴും പകർത്തിയെഴുതുകയാണ്. ചരിത്രം, സാഹിത്യം, ശാസ്ത്രം, ഗണിതം, കത്ത്, വിവരണം, ആസ്വാദനം എല്ലാം കുട്ടികളിപ്പഴും പകർത്തിയെഴുതുകയാണ്...

**നാല്:**
**കപ്പൽമുങ്ങാതിരിക്കാൻ കനം കുറയ്ക്കുകയല്ലേ വേണ്ടത്**

ആവശ്യമുള്ളത് പഠിക്കുക, എന്നതിനേക്കാൾ പ്രധാനം ആവശ്യമില്ലാത്തത് പഠിക്കാതിരിക്കുക എന്നതത്രെ. പാഠപുസ്തക വിജ്ഞാനമില്ലാത്തതുകൊണ്ട് ഈ ഭൂമിയിൽ ജനിച്ചുവീണ ഒരു കുഞ്ഞും വാടിക്കരിഞ്ഞ് മരിച്ചുപോയിട്ടില്ല. തെറ്റായ അറിവുകളാണ് മനുഷ്യജീവിതത്തെ പ്രപഞ്ചജീവിതത്തിൽനിന്നും അകറ്റിയത്. ആന്തരികമായി നശിപ്പിച്ച

ത്. ആരും പഠിപ്പിക്കാനില്ലാത്ത കുട്ടികൾ വെറുതെ ഓടിക്കളിച്ചോണ്ടിരുന്ന ഒരയഞ്ഞ പള്ളിക്കൂടെത്തെക്കാളുമെത്രയോ അപകടകരം ഒരന്താരാഷ്ട്രനിലവാരപ്പൂട്ടിയടപ്പു വിദ്യാലയം! അവിടെ അന്താരാഷ്ട്ര നിലവാരമുള്ള സ്വാർത്ഥത, തട്ടിപ്പുകൾ, ദുസ്സാമർഥ്യങ്ങൾ അനുശീലനം ചെയ്യപ്പെടുന്നു.

തട്ടിപ്പുകാരായ നമ്മുടെ ഭരണാധികാരികളും വ്യവസായികളും ശാസ്ത്രജ്ഞൻമാരും അത്തരം വിദ്യാലയങ്ങളുടെ ഉല്പന്നങ്ങൾ. അവിടെ അന്താരാഷ്ട്ര നിലവാരമുള്ള തട്ടിപ്പുകൾ പഠിപ്പിക്കുന്നു.

**അഞ്ച്**
**പള്ളിക്കൂടങ്ങളിലെ തരിശ്...**

പള്ളിക്കൂടങ്ങളിലെ തരിശ് കുട്ടികളിലേയ്ക്കു പടരുകയും പത്തുപതിനഞ്ചുവർഷം കൊണ്ട് അതിൽനിന്ന് തരിശ്ശായ മനുഷ്യർ പുറത്തിറങ്ങുകയും ചെയ്യുന്നു.

**ആറ്**
**ഓർമ്മ വരാത്തത്**

അപർണയെ കണ്ടിട്ട് വർഷം ഇരുപത്തിയൊന്ന്. എന്റെയാദ്യ ഒന്നാംതരത്തിലെ ഓർമ്മയാണവൾ. അമ്മയിൽ നിന്നു തട്ടിപ്പറിച്ചതിന്റെ രോഷത്തിൽ അവൾ കീരിപ്പല്ലമർത്തിക്കടിച്ചതിന്റെ വേദന ഞാനിന്നും ഒരുള്ളിൽ വെച്ചിട്ടുണ്ട്. ഇന്നലെ വഴീൽക്കണ്ടപ്പോളവളോടി വന്ന്... ഞങ്ങൾ പലതും ഓർമ്മിച്ചെടുക്കാൻ തുടങ്ങി.

പുഴവെള്ളക്കെട്ടിനുചുറ്റും വട്ടമിട്ടിരുന്നത്, വെള്ളപ്പരപ്പിൽ എഴുത്തച്ഛൻവരകളെ ഓരോന്നായി സങ്കൽപിക്കുമായിരുന്നത്, മച്ചിങ്ങവണ്ടി, തീവണ്ടിയോട്ടം, അരിനെല്ലിക്ക, പുളിങ്കുരു മഞ്ചാടി കൊത്തം കല്ലാടൽ... ഒറ്റയക്ഷരത്തെയും, സങ്കലനപ്പട്ടികയിലെ ഒരുവരിപോലും ഞങ്ങളോർമ്മിച്ചില്ല. എല്ലാം പാഠപുസ്തകത്തിനുവെളിയിലെ ഓർമ്മക്കാടുതഴപ്പുകൾ.

എല്ലാവർക്കും വേണം കൊച്ചു കൊച്ചു കൊട്ടകൾ.
കരിയിലയടിച്ചുവാരാനുള്ള ചൂലുകൾ. കൊട്ടേടെ അക്കയ്യ്
അവളും ഇക്കയ്യ് ഞാനും പിടിച്ചുള്ള മ്മടെ നടത്തായിരുന്നു
ജീവിതഭാരം ഒരുമിച്ചു പേറുന്നതിലെ ആനന്ദത്തെപ്പറ്റി മ്മളെ
ആദ്യായി പഠിപ്പിച്ചത്. പിന്നെപ്പിന്നെ നെന്മണിടെ നെറം
കണ്ടാൽ, മണംപിടിച്ചാൽ, മണ്ണിൽ ചൂണ്ടുവിരലാഴ്ത്തിയാൽ
പറയാൻ കഴിയണം അതിന്റെ ജീവിത പുഷ്ടി

**ഏഴ്**
**മാറ്റത്തിന് തടസ്സം മറ്റാരുമല്ലത്രെ!**

പുതിയ വിദ്യാഭ്യാസരീതികൊണ്ടെന്തെങ്കിലും മാറ്റമുണ്ടായോ സാർ? ഉപചാരത്തിലൊരു ചോദ്യം. ഞാളൊന്നും മിണ്ടീല്ല.ന്നാലും പറയാൻള്ളത് മനസ്സില്ണ്ട്... പല മാറ്റോം ണ്ടാവണ്ടീര്ന്ന് കരിക്കുലത്തിൽ, പാഠപുസ്തകത്തിൽ വലിയ സാധ്യതകൾ ഉണ്ടായിരുന്നു. മുമ്പൊന്നുമില്ലാത്തവിധം സാധ്യതകളുടെ വെയിൽ ക്ലാസ്മുറിക്കുള്ളിലേയ്ക്ക് ചാഞ്ഞുവീണിരുന്നു. എന്നാൽ ഉപഭോഗലോകത്തിന്റെ ഇരകളായ രക്ഷാകർത്താക്കളുടെയും അധ്യാപകരുടെയും ലോകം ആ മാറ്റങ്ങളെ കശാപ്പുചെയ്തു. അവർ സ്വന്തം ഉത്തരവാദിത്വം മനസ്സിലാക്കാൻ കെൽപില്ലാത്തവരോ, കണ്ണടച്ചിരുട്ടാക്കാനറിയുന്ന പരിശീലനം നേടിയ കള്ളന്മാരോ ആയിരുന്നു. അവർ വിദ്യാഭ്യാസത്തിലെ വിപ്ലവത്തെ ഒറ്റുകൊടുത്തു. അവർ തങ്ങളാണ് മാനവരാശിയുടെ ഏകപ്രതീക്ഷ എന്നതോർമ്മിച്ചില്ല. അവർ യുദ്ധക്കളത്തിൽ വെച്ച് സ്വകാര്യമായി ശത്രുപക്ഷം ചേർന്നു. അവർ അധ്വാനിക്കുന്നവന്റെയും കൃഷിക്കാരന്റെയും ഭാഷയും വേഷവും ഉപയോഗിച്ചില്ല. അവർ പ്രകൃതിയെ അനുഭവിച്ചില്ല. അവർ മൗനത്തിന്റെയും ഏകാന്തതയുടേയും ധ്യാനത്തിന്റെയും അഹിംസയുടേയും സത്യം, സൗന്ദര്യം കുഞ്ഞുങ്ങളെ മനസ്സിലാക്കികൊടുത്തിരുന്നുവെങ്കിൽ, അതാണ് തങ്ങളുടെ കൽപ്പിത ദൗത്യമെന്ന് മനസ്സിലാക്കിയിരുന്നെങ്കിൽ കാലത്തിന്റെ കഥ മറ്റൊന്നാവുമായിരുന്നു. അവസരം കിട്ടിയിട്ടും അതുപയോഗപ്പെടുത്താത്ത തൊഴിലാളി വിഭാഗമായി നാളെ നഴ്സറിതൊട്ട് യൂണിവേഴ്സിറ്റി തലം വരെയുള്ള അധ്യാപക വിഭാഗത്തെ കാലം വിലയിരുത്തും.

**എട്ട്**
**'ശരി, മ്മക്കും വേണം ഒരു ടോമോസ്കൂള്'**

നെറെയെ കൗതുകങ്ങള്ണ്ടാവണം. കോബായാഷി മാഷ് ക്ലാസ്മുറിക്ക് തീവണ്ടി ബോഗി മതീന്ന് വെച്ചത് വെറുതയല്ലേ. ഒരു സ്ക്കൂളാവുമ്പം ധാരാളം കൗതുകങ്ങൾ വേണം. കുഞ്ഞിപ്പിള്ളാരെക്കണ്ടിട്ടില്ലേ, അവരെപ്പഴും കൗതുകമുള്ള എന്തോ ഒന്ന് തിരഞ്ഞോണ്ടിരിക്കും. ചരലുകൾക്കിടയിൽ ഒരു വെള്ളാരം കല്ല്, ഒരു നെറച്ചോക്കിന്റെയോ ചോക്കു പെൻസിലിന്റെയോ കഷ്ണം, മരക്കഷ്ണങ്ങൾ കൂട്ടിയിട്ടതിൽ നിന്ന് പഴയൊരു കളിക്കുതിരയുടെ മുഖം. മ്മടെ ടോമോസ്ക്കൂ

➪ നോക്കൂ നടക്കൽ എന്നാൽ കാലുകൊണ്ടുമാത്രമുള്ള ഒരു സംഗതിയാണോ? ➪



പല കാലങ്ങളിലെ, പല ദേശങ്ങളിലെ ടോട്ടോ-ചാൻ കവറുകൾ

ളിൽ തീർച്ചയായും ധാരാളം മരങ്ങൾ വേണം. സപ്പോർട്ടേം ചാമ്പയ്ക്കേം പേരയ്ക്കേം മാങ്ങേം ചക്കേം പറിച്ചും പെറുക്കിയും തിന്ന് വായേം പല്ലും കടേണം. ഇലഞ്ഞിം മഞ്ചാടീം കുന്നിക്കുരും വേണം. ഇലഞ്ഞിച്ചോട്ടിൽ പൂവും കുരുവും പെറുക്കാം ഇലഞ്ഞിക്കൂമ്പാരം കൂട്ടി പങ്കുവെച്ച് കളിക്കാം... പിന്നെ മരകൊമ്പീന്ന് ഞാന്നു കിടക്കുന്ന വള്ളീത്തൂങ്ങി മരങ്കയറ്റം പഠിക്കാം. മരച്ചോട്ടിൽ കിളികൾടെ പാട്ടും കേട്ട് മിണ്ടാണ്ടിരിക്കാൻ പഠിക്കാം. പിന്നെയൊരു കുളം വേണം. ആമ്പലും താമരേം വിരിയുന്ന കുളം. കുഞ്ഞിക്കുട്ട്യോള് ഉച്ചവെയിലാകുമ്പോഴത്തെ ഇളം ചൂടുവെള്ളത്തിൽ മീനോളെപ്പോലെ നീന്തിം ഊളീട്ടും ജലമെന്താന്നറിയണം. മനുഷ്യനിപ്പോഴും മനസ്സുകൊണ്ടൊരു ജലജീവിയാണെന്ന കവിത കലർന്ന സയൻസ് അവർ നീന്തി നീന്തി, മുങ്ങി മുങ്ങിത്തന്നെ പഠിക്കണം. പിന്നെ വേണ്ടത് കൃഷിക്കണ്ടമാണ്. അവിടെ വിളയണം മ്മടെയുച്ചയൂണിന് വേണ്ട കറീം ഉപ്പേരീം. പണിയെടുക്കാത്തോനൂണില്ലെന്ന് തമ്മിൽത്തമ്മിൽ ചൊല്ലിച്ചൊല്ലി പഠിക്കണം.

എല്ലാവർക്കും വേണം കൊച്ചു കൊച്ചു കൊട്ടകൾ. കരിയിലയടിച്ചുവാരാനുള്ള ചൂലുകൾ. കൊട്ടേടെ അക്കയ്യ് അവളും ഇക്കയ്യ് ഞാനും പിടിച്ചുള്ള മ്മടെ നടത്തായിരുന്നു ജീവിതഭാരം ഒരുമിച്ചു പേറുന്നതിലെ ആനന്ദത്തെപ്പറ്റി മ്മളെ ആദ്യായി പഠിപ്പിച്ചത്. പിന്നെപ്പിന്നെ നെന്മണിടെ നെറം കണ്ടാൽ, മണംപിടിച്ചാൽ, മണ്ണിൽ ചൂണ്ടുവിരലാഴ്ത്തിയാൽ പറയാൻ കഴിയണം അതിന്റെ ജീവിതപുഷ്ടി. മ്മടെ സ്ക്കൂള് തിടംവെക്കുന്നേനൊപ്പം കൂടുതൽ കൂടുതൽ മൃദുലവും ആരോഗ്യമുള്ളതുമായി വളരും അവിടുത്തെ മണ്ണ്. എല്ലാ ഓർമ്മകൾക്കും നമുക്കോരോ മരം വെയ്ക്കണം.

എന്നും നടക്കാൻ പോണം. നോക്കൂ നടക്കൽ എന്നാൽ കാലുകൊണ്ടുമാത്രമുള്ള ഒരു സംഗതിയാണോ? ഒരെത്തൽ മാത്രമല്ല നടത്തം. നടത്തം ജീവിതം പോലെത്തന്നെ അതിന്റെ ഓരോ ചുവടിലുമാണുള്ളത്. അങ്ങനെ ആലോചിച്ചുനോക്കിയാ നൂറു നൂറായിരം കുഞ്ഞുകുഞ്ഞു കാര്യങ്ങൾടെ ഒരു തുറന്ന പള്ളിക്കൂടം. പറ്റില്ലാന്നൊന്നും പറയണ്ട. എല്ലാ സ്കൂളും ടോമോസ്ക്കൂളാവണം. എല്ലാ മാഷന്മാരും കൊബായാഷി മാഷാവണം. എല്ലാ കുഞ്ഞുങ്ങളും ടോട്ടോ ആണെന്നതുകൊണ്ട്, ഒരു ടോമോസ്ക്കൂൾ, ഒരു കൊബായാഷി മാഷ് അവരുടെ ജന്മാവകാശമാണെന്നതുകൊണ്ട്.

**ഒൻപത്**
**ആദ്യം ഉറച്ച ചുമരുണ്ടാവട്ടെ, ചിത്രമെഴുതാൻ**

പത്തുവയസ്സുവരെ ശരീരപുഷ്ടി വരുത്തുന്നതിലായിരിക്കണം ജാഗ്രത. നല്ലവണ്ണം ഓടാനും ചാടാനും കളിക്കാനും കുത്തിമറയാനും തൂങ്ങിക്കയറാനും മരത്തിൽ കയറാനും നീന്താനും ഊളിയിടാനും സൈക്കിളു ചവിട്ടാനും എന്തിന് ചിറകില്ലാതെ പറക്കാൻ വരെ അക്കാലത്തു പഠിപ്പിച്ചെടുക്കണം. ശബ്ദങ്ങൾ ക്രമീകരിച്ച് ഒച്ചയുണ്ടാക്കാൻ പഠിപ്പിക്കണം. സ്വന്തം ഒച്ചയുടെ ആഴവും എകരവും കണ്ടെത്താൻ പഠിപ്പിക്കണം. ഒരു ചെറിയ സ്ഥലത്തിലൂടെ മരണവേഗത്തിൽ ഒരുമിച്ച്, എന്നാൽ ഒരാളേം തട്ടാതേം മുട്ടാതേം ഓടാൻ പഠിപ്പിക്കണം. മറ്റോരുപറഞ്ഞു തീരും വരെ മിണ്ടാണ്ടു നിൽക്കാൻ പഠിപ്പിക്കണം. ധാരാളം പാട്ടുകൾ, ഉപകരണസംഗീതങ്ങൾ, ഓടക്കുഴൽ, വയലിൻ, നാദസ്വരം ഇവയൊക്കെ നിത്യവും കേൾക്കാനുള്ള അവസരമുണ്ടാവണം. മുതിർന്നവരുമൊത്ത് ഓടിക്കളിക്കാൻ അവസരമുണ്ടാവണം. സ്കൂൾ എലിജിബിലിറ്റിടെസ്റ്റ് ഒരു കൊട്ട മണുങ്ങൂസ് ചോദ്യങ്ങളാലല്ല ഉണ്ടാകേണ്ടത്. പട്ടാളക്കാരനെം പോലീസുകാരനേം തെരഞ്ഞെടുക്കുന്നപോലെ ഒരു തുറന്ന മൈതാനത്തുവെച്ചാവണം. ■